# തീവണ്ടിശ്ലോകം

1860 ലാണ് കേരളത്തിൽ ആദ്യമായി തീവണ്ടിയോടുന്നത്. പോത്തന്നൂർ നിന്ന് പട്ടാമ്പി വരെയായിരുന്നു ആദ്യത്തെ യാത്ര. അന്ന് അത്യത്ഭുതമായിരുന്ന ആ രാക്ഷസവണ്ടിയെ ഭയത്തോടും അമ്പരപ്പോടും കൂടിയാണ് ആളുകൾ കണ്ടത്. കറുത്തപാറ നാരായണൻ നമ്പൂതിരി എന്ന കവി തീവണ്ടി കണ്ട അനുഭവം ഒരു സംസ്കൃതശ്ലോകത്തിൽ വർണ്ണിച്ചിട്ടുണ്ട്. ഈ ശ്ലോകം വായിക്കുമ്പോൾ ഒരു പഴയ കരിവണ്ടി ഇരമ്പിപ്പാഞ്ഞു വരുന്ന അനുഭവം നമുക്കുമുണ്ടാകും. ഈ മെട്രോയുഗത്തിൽ, ഒന്നര നൂറ്റാണ്ട് മുമ്പുള്ള ഈ തീവണ്ടിക്കവിത രസകരമായി തോന്നും.

അദ്രാക്ഷം ചക്രപാതപ്രദലിതവസുധാ-
മണ്ഡലം ഡിണ്ഡിമോദ്യ-
ദ്ധ്വാനം ഹൂണീമുഖാത്യാരുണനളിനമഹാ-
ദാമപുഷ്യൽഗവാക്ഷം
അന്യോന്യോദ്യൽ'സലാ'ഗീർബഹുമതിരചിതാ-
ഡംബരോദാരഹൂണം
സാമോദം ധൂമയന്ത്രപ്രകടിതശകടം
നാമ ഭൗമം വിമാനം.

| | |
|---|---|
| ചക്രപാതപ്രദലിതവസുധാമണ്ഡലം = | ചക്രത്തിന്റെ കറക്കം കൊണ്ട് ഭൂമിയെ പിളർക്കുന്നതും |
| ഡിണ്ഡിമോദ്യദ്ധ്വാനം = | ഡിണ്ഡിമശബ്ദമുണ്ടാക്കുന്നതും |
| ഹൂണീമുഖാത്യാരുണനളിനമഹാദാമപുഷ്യൽഗവാക്ഷം | സായിപ്പൻമാരുടെ താമര പോലെ തുടുത്ത മുഖങ്ങളെ കാണിക്കുന്ന ജനാലകളോടു കൂടിയതും |
| സാമോദം അന്യോന്യോദ്യൽ'സലാ'ഗീർബഹുമതിരചിതാ-ഡംബരോദാരഹൂണം | ആഹ്ളാദത്തോടെ പരസ്പരം സലാം പറയുന്ന വെള്ളക്കാരോടു കൂടിയതും ആയ |
| ധൂമയന്ത്രപ്രകടിതശകടം നാമ ഭൗമം വിമാനം | തീവണ്ടിയെന്ന മണ്ണിലോടുന്ന വിമാനത്തെ |
| അദ്രാക്ഷം | ഞാൻ കണ്ടു. |